എല്ലാ പരിഗണനയും വച്ചുകൊണ്ടാണ് അത് പരിഗണിക്കാതിരുന്നത്. അന്ന് ആ പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. അതിനെക്കുറിച്ച് പിന്നീട് പറയാമെന്നു പറഞ്ഞിരുന്നു. അതേ പ്രശ്നംതന്നെ പാർലമെന്റിന്റെ ഇരു സഭകളിലും ഉന്നയിക്കാൻ ബഹുമാനപ്പെട്ട ചില അംഗങ്ങൾ ശ്രമിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട ലോക്സഭാ സ്പീക്കറും ബഹുമാനപ്പെട്ട രാജ്യസഭാ ചെയർമാനും സബ്ജുഡീസാണെന്ന കാരണത്താൽ അത് അനുവദിച്ചില്ല, അനുവദിക്കാൻ തയ്യാറായില്ല. അതേ കാരണംകൊണ്ടു തന്നെ, സബ്ജുഡീസാണെന്ന കാരണത്താൽ ചെയർ അത് ഉന്നയിക്കാൻ അനുവദിക്കുന്നില്ല. അതിനെക്കുറിച്ചുള്ള ചർച്ച അനുവദിക്കുന്നില്ല.

ശ്രീ. ഇ. കെ. നായനാർ: സർ, ഇവിടെ കേരളാ ഗവൺമെന്റ് തെറ്റായി ചെയ്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിധി. ആ വിധിയെ ചോദ്യം ചെയ്യുന്നില്ല.....:(ബഹളം).....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, റൂളിംഗ് പറഞ്ഞുകഴിഞ്ഞിട്ട് പിന്നെ അതിനെക്കുറിച്ച് പറയുന്നത് ശരിയല്ല.

മി. സ്പീക്കർ: There is no further discussion on the point.

(അടിയന്തിരപ്രമേയത്തിനു അനുമതി നിഷേധിച്ചതിനെ തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഡയസിന്റെ മുന്നിൽ വന്നുനിന്ന് മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു.)

III. ശ്രദ്ധക്ഷണിക്കൽ

വിദേശത്ത് ജോലിക്കുപോകുന്ന സർക്കാർ ജീവനക്കാരുടെ അവധി നീട്ടിക്കൊടുക്കൽ

ശ്രീ. കെ. പി രാമൻ: സർ, അവധിയിൽ പ്രവേശിച്ച് വിദേശത്തിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് വളരെയേറെ പ്രശ്നങ്ങളാണ് തരണം ചെയ്യേണ്ടിവരുന്നത്. ഇവരുടെ ധാരാളം കാര്യങ്ങൾ നാം ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. ഇവയിൽ അടിയന്തിര പ്രാധാന്യമുള്ളതും പലരും ഇപ്പോൾ നേരിട്ടനുഭവിക്കുന്നതുമായ ഒരു പ്രശ്നത്തിലേയ്ക്കാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്. വിദേശത്ത് ജോലിചെയ്യാൻ പോകുന്നവർക്ക് ഇന്ന് അനുവദിക്കുന്ന പരമാവധി ലീവ് 10 വർഷമാണ്. 1970-ലാണ് ഗൾഫ് നാടുകളിലേക്ക് മരുപ്പച്ച തേടിയുള്ള നെട്ടോട്ടം തുടങ്ങിയത്. ഇതിൽ നല്ലൊരുശതമാനം സർക്കാർ, അർദ്ധ-സർക്കാർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും അവധിയിൽ പോയിട്ടുള്ളവരാണ്. നേരത്തേത്തന്നെ ഇവർക്ക് അഞ്ചുവർഷത്തെ അവധിയായിരുന്നു സർക്കാർ അനുവദിച്ചിരുന്നത്. അത് നീട്ടിക്കിട്ടാൻ വൈകിയതിന്റെ പേരിൽ വളരെയധികം പേർക്ക് ജോലി ഉപേക്ഷിക്കേണ്ടിവരുകയും പലരേയും പിരിച്ചുവിടുകയും ചെയ്തു. പരമാവധി അവധി പത്തുവർഷമായി വർദ്ധിപ്പിച്ചതുമൂലം നിലവിലുള്ള ഉദ്യോഗസ്ഥൻമാർക്ക് ഗുണം ഉണ്ടായിട്ടുണ്ടെങ്കിലും. അവരിൽ പലർക്കും ലീവിന്റെ കാലാവധി കഴിഞ്ഞ് തിരിച്ച് വന്ന് ജോലിയിൽ പ്രവേശിക്കാൻ സമയമായിട്ടുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇങ്ങനെ പതിനായിരക്കണക്കിനു ആളുകളുണ്ട്. യു. എ. ഇ. യിൽ മാത്രം ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആയിരത്തോളം പേർ വരുമെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. നല്ലൊരു വിസ കരസ്ഥമാക്കുന്നതിന് വലിയ തുക സംഖ്യ വേണ്ടിവരുന്നു. കിടപ്പാടവും കെട്ടുതാലിയും ഇതിനായി അവർക്ക് വിൽക്കേണ്ടിവരുന്നു. അവധിയെടുത്ത് വിദേശത്ത് ചെന്നെത്തിയാൽ വളരെക്കാലത്തെ ശ്രമത്തിനു ശേഷമാണ് ഒരു ജോലി ലഭിക്കുന്നത്. ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവരിൽ ഭൂരിഭാഗവും മലയാളികളാണ്. ഈ സന്ദർഭത്തിലാണ് 10 വർഷത്തെ അവധി അവസാനിച്ചു എന്ന കാരണത്താൽ ജോലി ഉപേക്ഷിച്ച് തിരിച്ചുവരാൻ നിർബന്ധിതരാകുന്നത്. അഞ്ചുവർഷത്തെ അവധികൂടി അവർക്ക് അനുവദിക്കുകയാണെങ്കിൽ കുറച്ചുകാലത്തേയ്ക്കെങ്കിലും അവിടെ പിടിച്ചുനിൽക്കാൻ കഴിയുമായിരുന്നു. ലീവ് നീട്ടിക്കൊടുക്കുന്നതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് പല നേട്ടങ്ങളുമുണ്ട്. അവധിയെടുത്ത് വിദേശത്തു പോകുന്നവരുടെ തൊഴിലവസരം നാട്ടിലെ തൊഴിൽ രഹിതർക്ക് ഉപകാരപ്രദമാകും. ഇപ്പോഴും അവർ തിരിച്ചുവന്നാൽ അവരുടെ ലീവ് വേക്കൻസിയിൽ ജോലി ചെയ്യുന്നവർ തൊഴിൽരഹിതരായിത്തീരും. അതുകൊണ്ട് അവരുടെ ലീവിന്റെ കാലാവധിനീട്ടിക്കൊടുത്താൽ തൊഴിൽരഹിതരാകുന്നവർക്ക് കുറച്ചു കാലം കൂടി പിടിച്ചുനിൽക്കാൻ കഴിയും. 1983-ൽ ഇറക്കിയ ജി. ഒ. (എം. എസ്.) 780/83/എഫ്. എൻ. ഡോറഡ് 16-12-1983 പ്രകാരം ഈ കാലാവധി ഒരാനുകൂല്യങ്ങൾക്കും കണക്കാക്കുന്നില്ലെന്ന് പറയുന്നുണ്ട്. അതിന്റെ 4-ാം ഖണ്ഡിക പ്രകാരം ഈ കാലം ഡയസ്നോൺ ആയി കണക്കാക്കുന്നതാണ്. ഈ ആവശ്യം അംഗീകരിക്കുന്നതിന് ഒരു കോംപ്ലിക്കേഷനും ഇല്ല. നാട്ടിലെ സർവ്വീസിൽ തുടരുന്നവരെ ഇത് ഒരു വിധത്തിലും പ്രതികൂലമായി ബാധിക്കുകയില്ല. സീനിയോറിറ്റിക്ക് ഈ കാലയളവ് ബാധകമല്ല. അതുപോലെ തന്നെ അദ്ധ്യാപകൻമാരാണെങ്കിൽ ഇൻക്രിമെന്റ്.....(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളി തുടർന്നുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമായതുകൊണ്ട്. സഭ അൽപ്പനേരത്തേക്ക് നിറുത്തിവച്ചിരിക്കുകയാണ്. കക്ഷിനേതാക്കൻമാരുമായി ചർച്ച ചെയ്തതിനുശേഷം മുന്നോട്ടുപോകാൻ സാധിക്കുമോ എന്ന് പരിശോധിക്കാം.

സഭ 9.47-ന് അൽപസമയത്തേക്ക് നിറുത്തിവച്ചു.

(ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ 10.40-ന് വീണ്ടും സമ്മേളിച്ചു.)

(ഈ സമയം സ്പീക്കറുടെ ഡയസ്സിനു മുമ്പിൽവന്നുനിന്ന് പ്രതിപക്ഷാംഗങ്ങൾ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കുമെതിരായി മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു.)

IV. മേശപ്പുറത്ത് വച്ച കടലാസുകൾ

ഡോ. കെ. സി. ജോസഫ്: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമിതിയുടെ അംഗമായ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly